# അക്ഷര ജ്യോതി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## S.A.L.P. School

## പരുത്തൻപാറ



## ഉള്ളടക്കം


1. ആമുഖം
2. കാഴ്ചപ്പാട്
3. പൊതുലക്ഷ്യങ്ങൾ
4. അവസ്ഥാവിശകലനം
5. അദ്ധ്യാപകരുടെ നിലവിലെ അവസ്ഥ
6. വിദ്യാലയത്തിന്റെ പരിമിതികൾ
7. പ്രവർത്തന പദ്ധതികൾ
    - **a)** മലയാളം
    - **b)** ഇംഗ്ലീഷ്
    - **c)** പരിസരപഠനം
    - **d)** ഗണിതം
8. ഉപസംഹാരം

# ആമുഖം

നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ പഞ്ചായത്തിലാണ് പരുത്തൻപാറ S.A.L.P. School സ്ഥിതി ചെയ്യുന്നത്. 1905-ാം ആണ്ടിൽ രക്ഷാസൈന്യത്തിന്റെ പ്രവർത്തനം ഈ ദേശത്ത് ആരംഭിച്ചു. 1905 ലെ കണ്ടല ലഹളയുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഈ വിദ്യാലയത്തിൽ അന്ന് അഭയം നൽകി. മച്ചേൽ, ഊരുട്ടുമ്പലം, പള്ളിച്ചൽ, ബാലരാമപുരം, എന്നീ സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് അന്ന് വിദ്യാഭ്യാസത്തിനായി ഈ വിദ്യാലയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പാചക വിദഗ്ദ്ധനായ ശ്രീ.പൗലോസ് നൽകിയ മുപ്പത് സെന്റ് സ്ഥലത്ത് സ്കൂൾ പണിതു. പിന്നീട് വെട്ടുകല്ലിൽ കെട്ടിയ ഓടു മേഞ്ഞ കെട്ടിടം നിലവിൽ വന്നു. ശ്രീ. അസറീസ് സാർ ഹെഡ്മാസ്റ്ററായി ചുമതല ഏറ്റതോടെ ജാതിഭേദമില്ലാതെ ധാരാളം കുട്ടികൾ സ്കൂളിൽ ചേർന്നു.1 മുതൽ 4 വരെ ക്ലാസ്സ് ഉണ്ടായിരുന്നു.

ഇപ്പോൾ പ്രഥമ അധ്യാപകൻ ഉൾപ്പെടെ 4 അധ്യാപകരും 33 വിദ്യാർത്ഥികളും പാചക തൊഴിലാളിയും കൂടാതെ പ്രീ പ്രൈമറി ടീച്ചറും ആയയും നിലവിലുണ്ട്. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് ഇവിടെ പഠിക്കുന്ന കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ ശ്രമിക്കുന്നു.

# അധ്യാപകർ

| പേര് | തസ്തിക |
| --- | --- |
| മിഥുൻ.എച്ച് | **H M** |
| രതീഷ് | **L.P.S.A** |
| ഷീബ.ഡി | **L.P.S.A** |
| റിൻസി സീലാസ് | **L.P.S.A** |

# *കാഴ്ചപ്പാട്*

1) പഠനം എന്നത് കാണാതെ പഠിച്ച് 100% എ പ്ലസ് വാങ്ങലല്ല മറിച്ച് ജീവിതത്തിൽ നേടലാണ് എന്ന് ബോധ്യപ്പെടുത്തൽ
2) കായികശേഷി വർദ്ധിപ്പിക്കാൻ കിഡ്സ് അത്‌ലറ്റിക് പ്രയോജനപെടുത്തും.
3) എല്ലാ കുട്ടികൾക്കും യോഗാ പരിശീലനം നൽകും.
4) സ്കൂൾ പ്രവൃത്തി പരിചയമേളകൾ സംഘടിപ്പിച്ച് കുട്ടികളുടെ കലാശേഷി വർദ്ധിപ്പിക്കും.
5) പരിസ്ഥിതി വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്നുള്ള ബോധ്യത്തോടെ കാത്തു സൂക്ഷിക്കാൻ കുട്ടിയെ പ്രാപ്തനാക്കൽ.
6) പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ സ്കൂൾ മനോഹരമാക്കൽ.

# പൊതു ലക്ഷ്യങ്ങൾ

- എല്ലാ വിഷയവുമായും ബന്ധപ്പെട്ട് ICT സാധ്യാത സജ്ജീകരിക്കൽ
- School Library, Class library നവീകരിക്കുക
- ചുമർചിത്രം. ചുമർ പത്രം എന്നിവയുടെ വായന പരിപോഷിപ്പിക്കുക
- എല്ലാ കുട്ടികൾക്കും ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക.
- പ്ലാസ്റ്റിക് വിമുക്ത സ്കൂൾ പരിസരം ഇങ്ക് പെൻ, സ്റ്റീൽ പാത്രം എന്നിവ ഉറപ്പാക്കൽ.
- ഇംഗ്ലീഷ് ലൈബ്രറി സജീകരിക്കൽ,
- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

| *ഹ്രസ്വകാലം* | *മധ്യകാലം* | *ദീർഘകാലം* |
|---|---|---|
| ICT സാധ്യത<br><br>ക്ലാസ്സ് ലൈബ്രറി | സ്കൂൾ ലൈബ്രറി<br><br>ചുമർ ചിത്രം<br>നിലത്തെഴുത്ത് | ▪ ഗണിതത്തിലെ അടിസ്ഥാന ആശയം<br>▪ പ്ലാസ്റ്റിക് വിമുക്ത സ്കൂൾ<br>▪ ലഹരിക്കെതിരായ ബോധവത്കരണം |

✸ 1-ാം ക്ലാസു മുതൽ 4-ാം ക്ലാസു വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കാനുസരിച്ചുള്ള വർക്ക് ഷീറ്റുകൾ നൽകും

✸ ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

✸ ലഹരിക്കെതിരായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | SALP School പരുത്തൻപാറ |
| സ്ഥാപിച്ച വർഷം | : | 1905 |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| വിദ്യാഭ്യാസ ജില്ല | : | ബാലരാമപുരം |
| ബി.ആർ.സി | : | ബാലരാമപുരം |
| സി.ആർ.സി | : | Govt. L.P.S പൂങ്കോട് |
| ഗ്രാമപഞ്ചായത്ത് | : | പള്ളിച്ചൽ |
| ബ്ലോക്ക്  പഞ്ചായത്ത് | : | നേമം |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| വില്ലേജ് | : | പള്ളിച്ചൽ |
| ഇ-മെയിൽ വിലാസം | : | |
| സ്കൂൾ വിക്കി | : | SALP School പരുത്തൻപാറ |

## ***വിദ്യാലയത്തിന്റെ പരിമിതികൾ***

1. വിദ്യാലയത്തിന് സ്വന്തമായി ഒരു വാഹനം ഇല്ല
2. കെട്ടിടം പുതുക്കി പണിയേണ്ടതുണ്ട്
3. ഭോജനശാലയുടെ അഭാവം വേണ്ടത്ര ഫർണിച്ചറില്ല
4. ചുറ്റുമതിലിന്റെ അഭാവം
5. വേണ്ടത്ര കളിസ്ഥലം

## അക്കാദമിക ഭൗതീക നേട്ടങ്ങൾ

## പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | * മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| * 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ചു പരിശീലനം ലഭ്യമാക്കുന്നു. | * ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്ര്യമായി കുട്ടികൾക്ക് ഇടപടാനുള്ള അവസരമില്ല. വേണ്ടത്ര സയൻസ് ലാബിന്റെ അഭാവം |
| * കലാപഠനം പ്രവൃത്തി പരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | * വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നെങ്കിലും നന്നായി പുസ്തകം വായിക്കുന്നവരുടെ എണ്ണം കുറവാണ് |
| * പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്ത് എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ | * കുട്ടികളിലെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് 20% കുട്ടികൾ പിന്നോക്കക്കാരാണ് |
| * ദിനാചരണങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു | * വേണ്ടത്ര കമ്പ്യൂട്ടറുകളുടെ ലഭ്യത കുറവ് |

# മലയാളം

## ലക്ഷ്യങ്ങൾ

1) മലയാള ഭാഷയിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണത യിൽ എത്തിക്കുക
2) കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടി കളും ആർജിക്കുക.
3) മലയാള ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമി തിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4) ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക
5) മലയാള ഭാഷയിൽ ികച്ച വായന വികസിപ്പിക്കുക
6) മലയാള ഭാഷാ വ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനും ആവിഷ്കരിക്കാനുമു ള്ള ശേഷി വികസിപ്പിക്കുക
7) മലയാള ഭാഷാ പഠനത്തിൽ ഐ.സി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക
8) പാർശ്വവത്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക
9) മലയാള ഭാഷാ അധ്യാപക ശാക്തീകരണം
10) സി.ഡബ്ല്യൂ.എസ്.എൻ കുട്ടികളെ നേർധാരയിൽ എത്തിക്കുക
11) സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനും മലയാള ഭാഷാ പഠനത്തെ പ്രയോജന പ്പെടുത്താനുള്ള കഴിവും മനോഭാവം നേടുക.
12) ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് മലയാളഭാഷാ പഠ നത്തെ പ്രയോജനപ്പെടുത്തുക
13) ക്ലാസ്സിക്കൽ കലകൾ ആസ്വദിക്കാനുള്ള ശേഷി നേടുക.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | ക്ലാസ്സ് | ലക്ഷ്യ നമ്പർ |
|---|---|---|---|---|---|---|
| 1 | <u>അക്ഷര മധുരം</u><br>പ്രീ ടെസ്റ്റു നടത്തി തെറ്റുകൂടാതെ എഴുതാനും വായിക്കാനും കഴിയാത്ത കുട്ടികളെ കണ്ടെത്തുന്നു.<br>പദ നിർമ്മാണം, | ജൂൺ | അധ്യാപകൻ | | 2,4 | |
| a | <u>പദ തമ്പോല</u><br>ചിത്രങ്ങൾ അടങ്ങിയ അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാനുള്ള പ്രവർത്തനം | ജൂൺ<br>ജൂലൈ പകുതി വരെ | അധ്യാപകൻ | 1000/ | 1,2,3,4 | 4,5,6 |
| b | അക്ഷരങ്ങൾക്ക് ആഭരണം <u>അണിയിക്കൽ</u><br>കുട്ടികൾക്ക് പരിചിതമായ പദങ്ങൾ, ചിഹനങ്ങൾ ചേർക്കാതെ നൽകുന്നു. കുട്ടികൾ ശരിയായ അടയാളം ചേർത്ത് പദമേതാണെന്ന് കണ്ടെത്തുന്നു. | ജൂലൈ | അധ്യാപകൻ | | 1,2,3,4 | 4,5,6 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | ക്ലാസ്സ് | ലക്ഷ്യ നമ്പർ |
|---|---|---|---|---|---|---|
| c | <u>വാക്യ നിർമ്മാണം</u><br>ചെറിയ ചെറിയ വാക്കുകൾ നൽകി ചെറു വാക്യങ്ങൾ നിർമ്മിക്കുന്നു. പരിചിതമായ കഥകൾ വാക്യങ്ങൾ ക്രമം തെറ്റിച്ച് നൽകി ക്രമത്തിലാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ | അധ്യാപകൻ | | 1,2,3,4 | 4,5,6 |
| d | <u>കഥാപൂരണം,കവിതാപൂരണം</u><br>കഥയുടെ കുറച്ച് ഭാഗം നൽകി ബാക്കി എഴുതൽ കവിതയുടെ ആദ്യ വരികൾ നൽകി വരികൾ കണ്ടെത്തൽ ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകൽ | ആഗസ്റ്റ്, സെപ്തംബർ | അധ്യാപകൻ | | 3,4 | 4,5,6 |
| e | <u>സർഗ്ഗ രചനകൾ</u><br>കഥനൽകി അതിനെ മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റം | സെപ്തംബർ | അധ്യാപകൻ | 3,4 | 1,2,3,4<br>6 | 4,5,6 |

# പ്രവർത്തന പദ്ധതികൾ
## മലയാളം

പ്രവർത്തനം :1
പേര് : പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾ സാഹിത്യ അഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | മിഥുൻ.എച്ച് | 1000 |

പ്രവർത്തനം : 2
പേര് : എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. ' പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു' | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിവസം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4

പേര് :

ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക റീഡേഴ്സ തിയേറ്റർ | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ് മുറികളിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗ്കൂൾ ലൈബ്രറി കമ്മിറ്റി ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 5
പേര് :
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു. ലൈബ്രറി സജ്ജമാക്കാൻ, സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | PTA പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം : 6
പേര് : ക്ലാസ്സ് തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |
| | | | | |

പ്രവർത്തനം :7
പേര് :
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്സ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8
പേര്:
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9
പേര്: കയ്യെഴുത്തു മാസികകൾ  പ്രിന്റഡ് മാഗസിൻ
ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ചേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യാരംഗം ഭാഷാ ക്ലബ്ബ് പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10
പേര്: രചനോത്സവം
ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | ക്ലാസ്സ് | ലക്ഷ്യ നമ്പർ |
|---|---|---|---|---|---|---|
| 1 | ചിത്രം വരയ്ക്കൽ കവിത നാടകം സംഭാഷണം | | | | | |
| 2 | <u>ക്ലാസ്സ് ലൈബ്രറി</u><br>കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്കുള്ള പുസ്തകങ്ങൾ ക്ലാസ്സിലെത്തിക്കുക | ജൂൺ മാർച്ച് | എസ് എസ് എ<br>പഞ്ചായത്ത് | 10,000/- | 1,2,3,4 | 4,5,11 |
| 3 | <u>പുസ്തക മരം</u><br>ശിഖരങ്ങളുള്ള ചില്ല, ചട്ടിയിലോ, ചാക്കിലോ നിർത്തി കുട്ടികൾക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ അതിലിട്ട് ക്ലാസ്സിൽ വയ്ക്കാം | ദീർഘകാലം | അധ്യാപകർ | | 1,2,3,4 | |
| 4 | <u>പുസ്തകക്കൂട:</u><br>സ്കൂളിന്റെ വരാന്തയിൽ ഒരു കൂട തൂക്കിയിട്ടിട്ട് അതിൽ കുട്ടിക്കും അധ്യാപർക്കും രക്ഷകർത്താക്കൾക്കും പുസ്തകമിടാനും വായിക്കാനും അവസരം നൽകൽ | ജൂൺ | അധ്യാപകർ | | | |
| 5 | <u>പുസ്തക സമ്മാനം</u><br>ജന്മദിനത്തിലും പുതുവർഷത്തിലും മിഠായിക്കു പകരം പുസ്തകം നൽകാം | | | | | |
| 6 | <u>പുസ്തകജേതാവ്</u><br>ആഴ്ചയിൽ ഓരോ പുസ്തകം നൽകുന്നു. എല്ലാ കുട്ടികളും വർഷത്തിൽ 50 പുസ്തകമെങ്കിലും | ജൂൺ<br>മാർച്ച് | അധ്യാപകർ<br>പി റ്റി എ | 500/- | | 4,5,11,12 |

| | | | | | | |
|---|---|---|---|---|---|---|
| | വായിച്ചു എന്നുറപ്പുവരുത്തുന്നു. വർഷാവസാനം വായിച്ച പുസ്തക ങ്ങളെ ഉൾപ്പെടുത്തി ക്ലാസ്സ് തല ക്വിസ്സ് മത്സരം (ഉദാ: രചയിതാവ്, കൃതി, പ്രധാന കഥാപാത്രം) നടത്തി ഒന്നും രണ്ടും സ്ഥാനക്കാരെ കണ്ടെത്തുന്നു. തുടർന്ന് ഓരോ ക്ലാസ്സുകളിലും ഒന്നും രണ്ടും സ്ഥാന ക്കാരെ ഉൾപ്പെടുത്തി സ്കൂൾതല പുസ്തകജേതാവിനെ തെരഞ്ഞെടു ക്കുന്നു. വാർഷിക സമ്മേളനത്തിൽ കിരീടം അണിയിക്കുന്നു | | | | | |
| 7 | <u>വീട്ടിലെ വായന</u><br>കുട്ടിയോടൊപ്പം അച്ഛനും, അ മ്മയ്ക്കും വായിക്കാനായി സ്കൂളിൽ നിന്നും പുസ്തകങ്ങൾ നൽകുന്നു. | ജൂൺ<br>മാർച്ച് | അധ്യാപകർ | | | |
| 8 | <u>പുസ്തക പരിചയം</u><br>വായിച്ച പുസ്തകത്തെ അസംബ്ലി യിൽ അവതരിപ്പിക്കുന്നു. | | | | | |
| 9 | <u>സാഹിത്യകാരന്മാരുമായി സംവാദം</u><br>പ്രശസ്ത എഴുത്തുകാരെയും കവി കളെയും ക്ഷണിച്ച് ക്ലാസ്സുകൾ നൽകൽ | 1 വർഷം<br><br>ടേമിൽ ഓരോന്നു വീതം | അധ്യാപകൻ<br>പി റ്റി എ | 5000 | 1,2,3,4 | |

| | | | | | | |
|---|---|---|---|---|---|---|
| 10 | വായനോൽസവം<br>സംവാദം കഥയരങ്ങ് കവിരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ കുട്ടികളുടെ മികച്ച ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ | | | 5000/- | 1,2,3,4, | |
| 11 | ബുള്ളറ്റിൻ ബോർഡ്<br>വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും ഓരോ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | ജൂൺ<br>മാർച്ച് | വിദ്യാർത്ഥികൾ | 1000/- | | |

## ഇംഗ്ലീഷ്

1. കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക
2. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ .
3. തൽസമയം ഉണ്ടാകുന്ന ആവശ്യങ്ങളോട് പ്രതികരിക്കേണ്ടതിന് അനുയോജ്യമായ ഭാഷാ പ്രയോഗങ്ങൾ കുട്ടികൾ വശത്താക്കുക
4. കുട്ടികളെ ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രാപ്തരാക്കുക
5. ഇംഗ്ലീഷ് ഭാഷയിൽ രചനകൾ നടത്തി സർഗ്ഗാത്മക ശേഷികൾ കുട്ടികളിൽ വളർത്തുക
6. CWSN കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യം നേടാനുള്ള അവസരം ഒരുക്കൽ
7. Class room Communication should be in English

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക | ഇംഗ്ലീഷിലുള്ള Audio, Video കേൾക്കുന്നതിനും കാണുന്നതിനും അവസരമൊരുക്കുക (ICT സാധ്യത)<br>ഇംഗ്ലീഷ് കളിക്കാൻ (നിർദ്ദേശങ്ങൾ, വസ്തുക്കളുടെ പേരുകൾ എന്നിവ ഇംഗ്ലീഷിൽ പറയുന്നു)<br>പദ കാർഡുകൾ<br>വാക്യ കാർഡുകൾ<br>വായന കാർഡുകൾ എന്നിവ നിർമ്മിച്ച് സഹപഠനസാധ്യതകൾ ഒരുക്കുന്നു | SRG<br>PTA<br><br>SRG | 6 മാസം<br><br>1 വർഷം | PTA<br>SSA<br><br>PTA<br>SSA | |
| | Riddles | Puzzles എന്നിവ അവതരിപ്പിക്കാൻ മുഴുവൻ കുട്ടികൾക്കും അവസരം നൽകുന്നു | SRG | 1 വർഷം | | |
| 2 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫല പ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ | പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br><br>പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ ശേഖരിക്കൽ<br><br>ഇംഗ്ലീഷ് അസംബ്ലി | SRG<br><br>Trs | 1 മാസം<br><br>ആഴ്ചയിൽ ഒന്ന് | | |

| | | | | | | |
|---|---|---|---|---|---|---|
| | | ഇംഗ്ലീഷ് ഡയറിക്കുറിപ്പ്<br><br>ഇംഗ്ലീഷ് ക്ലാസ്സ് ലൈബ്രറി, വായനാ സാമഗ്രികൾ, ലഘുവായനാ പുസ്തകം, പത്രം<br><br>ഇംഗ്ലീഷ് പതിപ്പുകൾ, മാഗസിനുകൾ<br><br>ഇംഗ്ലീഷ് ഡിക്ഷണറി തയ്യാറാക്കൽ | Trs<br><br>SRG | 1 വർഷം<br><br>1 വർഷം | BRC Local Body | |
| 3 | തത്സമയം ഉണ്ടാകുന്ന ആവശ്യങ്ങളോട് പ്രതികരിക്കേണ്ടതിന് അനുയോജ്യമായ ഭാഷാ പ്രയോഗങ്ങൾ കുട്ടികൾ വശത്താക്കുന്നു | ക്ലാസ്സ് തല പ്രവർത്തനങ്ങൾ<br>സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്<br><br>ഗ്രൂപ്പ് ആക്ടിവിറ്റീസ് | PTA<br>SRG | 6 മാസം | PTA | |
| 4 | കുട്ടികളെ ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രാപ്തരാക്കുന്നു | തന്നെക്കുറിച്ചുംകുടുംബത്തെകുറിച്ചും സംസാരിക്കുക<br><br>ഇംഗ്ലീഷ് ബാലസഭ<br><br>Role Play in English<br><br>English Fest<br><br>Drama | PTA<br>SRG | 1 വർഷം | PTA<br>Local Body | |

# *ഗണിതം*

## *ലക്ഷ്യങ്ങൾ*

1. അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുക
2. കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ കൈകാര്യം ചെയ്യുക
3. ഗണിതത്തിൽ താൽപര്യമുണർത്തി ഗണിതം ആസ്വദിക്കാൻ കഴിയുന്ന തര ത്തിൽ കുട്ടിയെ വളർത്തുക
4. വിവര സാങ്കേതിക വിദ്യയെ ഗണിതപഠനവുമായി ബന്ധിപ്പിക്കുക
5. ചിത്രപാറ്റേൺ ടാൻഗ്രാം എന്നിവയിലൂടെ ജ്യാമിതീയ ലോകത്തിലെത്തിക്കൽ
6. ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷാ ഉപയോഗിക്കാൻ കുട്ടിക്ക് കഴിവുണ്ടാക്കുക
7. ഗണിതാശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുക | സംഖ്യാകാർഡുകൾ ചിഹ്നങ്ങൾ എഴുതിയ കാർഡുകൾ എന്നിവ നൽകി ഗണിതക്രിയകൾ ചെയ്യൽ (സങ്കലനം, വ്യവകലനം, ഗുണനം)<br>- മാന്ത്രിക ചതുരം<br>-പാറ്റേൺ<br>- സ്ഥാനവില പോക്കറ്റ്<br>-അബാക്കസ് നിർമ്മാണം<br>-സംഖ്യാചക്രം പൂർത്തിയാക്കൽ ആഗോഹണത്തിലും അവരോഹണത്തിലും എഴുതൽ<br>-സംഖ്യ റിബൺ | ക്ലാസ്സ് ടീച്ചർ | 3 മാസം | SSA | |
| 2 | കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ കൈകാര്യം ചെയ്യുക | അളവുകൾ ഊഹിച്ചെഴുതാം, അളന്നെടുക്കാം<br>- ഭാരം ഊഹിച്ചെഴുതാം, അളന്നെഴുതാം<br>- ദ്രാവകങ്ങളുടെ അളവ് ഊഹിച്ചെഴുതാം, അളന്നെഴുതാം<br>- ക്ലോക്ക് നോക്കി സമയം പറയാം | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | 1 ആഴ്ച<br>1 ആഴ്ച<br>1 ആഴ്ച<br>1 ആഴ്ച | SSA | |
| 3 | ഗണിതത്തിൽ താത്പര്യമുണർത്തി ഗണിതം | -സംഖ്യാപ്പാട്ടുകൾ,ഗണിതകേളികൾ | ക്ലാസ്സ് ടീച്ചർ | | | |

| | | | | | | |
|---|---|---|---|---|---|---|
| | ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുക | - ഗണിത കടങ്കഥകൾ, ഗണിത കിറ്റ്, അബാക്കസ് എന്നിവ തയ്യാറാക്കൽ<br>- സംഖ്യാറിബൺ, മാന്ത്രിക ചതുരം സ്കെയിൽ (cm, m), ത്രാസ്, തൂക്ക് കട്ടികൾ, അളവു പാത്രങ്ങൾ, ക്ലോക്ക് എന്നിവ നിർമ്മിക്കൽ<br>-ഗണിതമേള സംഘടിപ്പിക്കൽ<br>- ഗണിത ചിത്രപ്പതിപ്പ് തയ്യാറാക്കൽ<br>ഗണിത ക്ലബ്ബ് രൂപീകരിക്കൽ<br>ദിനാചരണങ്ങൾ ആചരിക്കൽ | ഗണിത ക്ലബ്ബ് | 6 മാസം<br>1 വർഷം | PTA | |
| 4 | വിവര സാങ്കേതിക വിദ്യയെ ഗണിതപഠനവുമായി ബന്ധിപ്പിക്കുക | ICT സാധ്യത ഉപയോഗിച്ച് ഗണിതകേളികൾ,വിവരങ്ങൾ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ | ക്ലാസ്സ് ടീച്ചർ | 1 വർഷം | | |
| 5 | ചിത്ര പാറ്റേൺ ടാൻഗ്രാം എന്നിവയിലൂടെ ജ്യാമിതീയ ലോകത്തിലെത്തിക്കൽ | -ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ്സ്മുറിയുടെ ചുമരുകളിൽ ചിത്രങ്ങൾ വരയ്ക്കൽ<br>- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, വരയ്ക്കൽ നിറം നൽകൽ നിർമ്മിക്കൽ<br>-ചിത്രപാറ്റേൺ, രൂപങ്ങൾ കൊണ്ട് ചിത്രങ്ങൾ നിർമ്മിക്കൽ<br>-പതിപ്പ് തയ്യാറാക്കൽ | PTA<br>ഗണിത ക്ലബ്ബ് | ഒരു പ്രാവശ്യം | PTA<br>SSA | |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കാൻ കഴിവുണ്ടാക്കുക | സംഖ്യകൾ - വലുത്, ചെറുത് തുല്യം ആകെ ബാക്കി എന്നിവ ചിഹ്നം ഉപയോഗിച്ച് കാണിക്കാനുള്ള പ്രവർത്തനങ്ങൾ | ക്ലാസ്സ് ടീച്ചർ | 6 മാസം | PTA<br>SSA | |
| 7 | ഗണിതാശങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുക | കറൻസികൾ പരിചയപ്പെടൽ കളിനോട്ടുകൾ കൈകാര്യം ചെയ്യൽ<br>- നാണയങ്ങൾ പരിചയപ്പെടൽ<br>-നാണയശേഖരം | ക്ലാസ്സ് ടീച്ചർ | 2 മാസം | SSA<br>PTA | |
| 8 | ഗണിത നിഘണ്ടു നിർമ്മാണം | ഗണിതാശയങ്ങളും ചിഹ്നങ്ങൾ വിവരങ്ങൾ എന്നിവ ശേഖരിച്ച് ഗണിത നിഘണ്ടു നിർമ്മാണം | ക്ലാസ്സ് ടീച്ചർ | 1 വർഷം | SSA<br>PTA | |

# *ഗണിതം*

പ്രവർത്തനം : 1

പേര് : ഗണിത വർക്ക് ഷീറ്റ് തയ്യാറാക്കൽ

ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2

പേര് : ഗണിതലാബ് (ഗണിത മധുരം)

ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ്സജ്ജമാക്കൽ | 2025 - 26 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര്: യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല: യൂണീറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്ക പരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര്: ഗണിതക്ലാസ് പി ടി എ
ഉപമേഖല: സി പി ടി എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കരി ക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറ പ്പാക്കൽ | ഓരോ ക്ലാസ്സിലും ഗണിതപാഠങ്ങ ളിലെ HW പ്രവർത്തനങ്ങൾ രക്ഷി താക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകു ന്നു. പിന്തുണാ സംവിധാനം രക്ഷി താക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര്: ഗണിതം മധുരം
ഉപമേഖല: ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടി കൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂ ത്രണം ചെയ്യൽ. ക്യാമ്പുകൾ, ശി ല്പശാലകൾ | | | |

# <u>*ശാസ്ത്രം*</u>

## <u>*ലക്ഷ്യങ്ങൾ*</u>

1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക
2. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നതിനും
3. നേരനുഭവങ്ങളിലൂടെ ശാസ്ത്രപഠനം
4. പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുക
5. ലാബ് സജ്ജീകരിക്കൽ
6. വിവര സാങ്കേതിക വിദ്യയെ ശാസ്ത്ര പഠനവുമായി ബന്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | നേരനുഭവങ്ങൾ ലഭിക്കുന്ന പഠന യാത്രകൾ<br>ശാസ്ത്രഞ്ജൻമാരുടെ പുസ്തകങ്ങൾ വായിക്കുന്നതിനുള്ള അവസരങ്ങൾ<br>കണ്ടുപിടിത്തങ്ങൾ<br>ക്വിസ് മത്സരങ്ങൾ<br>ശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>ചിത്ര ആൽബം തയ്യാറാക്കൽ<br>ശാസ്ത്രഞ്ജന്മാരുടെ ജീവിതചരിത്രകുറിപ്പുകൾ<br>ശാസ്ത്ര മേളകൾ<br>ശാസ്ത്ര മാസികകൾ | കുട്ടികൾ<br>അധ്യാപകർ<br>അധ്യാപകർ<br>പി റ്റി എ അംഗങ്ങൾ | 1 വർഷം<br>1 വർഷം<br>1 വർഷം | പി റ്റി എ<br>പി റ്റി എ<br>പി റ്റി എ<br>ബി ആർ സി<br>പഞ്ചായത്ത് | ശാസ്ത്രഞ്ജന്മാരുടെ പുസ്തകങ്ങൾ വായിച്ച് ശാസ്ത്രവബോധം വളർത്തൽ<br>യൂറീക്കപോലുള്ള പരീക്ഷകളിൽ പങ്കെടുക്കൽ |
| പരീക്ഷണങ്ങൾ ചെയ്യുന്നതിന് | ലഘുപരീക്ഷണങ്ങൾ ചെയ്യുന്നതിന് ഐ സി റ്റി ഉപയോഗിച്ച് പഠിക്കുന്നു | അതാത് ക്ലാസ്സ് അധ്യാപകർ | ഒരു വർഷം | ബി ആർ സി<br>പൂർവ്വ വിദ്യാർത്ഥികൾ | |
| ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് കുട്ടികളിൽ താല്പര്യം ജനിപ്പിക്കുക | പരീക്ഷണ വസ്തുക്കൾ പരിചയപ്പെടൽ സയൻസ് കോർണർ ഒരുക്കൽ പരീക്ഷക്കുറിപ്പ് തയ്യാറാക്കൽ<br>ശാസ്ത്രേതര അനുഭവങ്ങൾ ലഭിക്കുന്ന പഠനയാത്രകൾ<br>ശാസ്ത്രപുസ്തകത്തിൽ | അധ്യാപകർ<br>കുട്ടികൾ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| നേരനുഭവങ്ങളിലൂടെ ശാസ്ത്ര പഠനം | പരീക്ഷണ നിരീക്ഷണങ്ങൾ രേഖപ്പെടുത്തൽ<br>പരീക്ഷണ സാമഗ്രികൾ ഉപയോഗിക്കുന്നു<br>ശാസ്ത്ര കിറ്റ് കുട്ടി ശാസ്ത്രഞ്ജ്ജൻ അവാർഡ് ഏർപ്പെടുത്തൽ<br><br>ഫീൽഡ് ട്രിപ്പ്<br>പരീക്ഷണങ്ങൾ<br>ശേഖരണങ്ങൾ<br>സർവ്വെ<br>ലഘുലേഖകൾ<br>സെമിനാർ<br>പരിസ്ഥിതി ദിനങ്ങളിൽ മരം നട്ടു പിടിപ്പിക്കൽ | പി റ്റി എ<br><br>അധ്യാപകർ<br>കുട്ടികൾ<br><br>രക്ഷകർത്താക്കൾ<br>അധ്യാപകർ<br>കുട്ടികൾ<br><br>അധ്യാപകർ<br><br><br>കുട്ടികൾ<br><br>പി റ്റി എ | മൂന്നു മാസം<br><br><br><br><br><br><br>ഒരു വർഷം | ബി ആർ സി<br><br>പഞ്ചായത്ത്<br><br>പി റ്റി എ | |
| പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക | പരിസ്ഥിതി ബോധവത്കരണം<br>പരിസര ശുചീകരണം<br>പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ, പോസ്റ്റർ തയ്യാറാക്കൽ, സെമിനാറുകൾ ഫീൽഡ് ട്രിപ്പ്<br>ഔഷധ സസ്യങ്ങൾ നട്ടുവളർത്തുത<br>ജൈവവേലി നിർമ്മാണം<br>പരിസ്ഥിതി ലേഖനങ്ങൾ, | <br>അധ്യാപകർ<br><br><br>അധ്യാപകർ<br>കുട്ടികൾ<br>രക്ഷകർത്താക്കൾ | ഒരു മാസം | പി റ്റി എ<br>ബി ആർ സി | |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്രം<br>ലാബ് സജ്ജീകരിക്കൽ<br><br>വിവര സാങ്കേതിക വിദ്യയെ ശാസ്ത്രപഠനവുമായി ബന്ധിപ്പിക്കൽ | കവിതകൾ ശേഖരിക്കൽ<br>പരിസ്ഥിതി പുസ്തക വായന സയൻസ് ലാബിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ കണ്ടെത്തൽ ഉപയോഗിക്കൽ<br>ഐ സി റ്റി സാധ്യതഉപയോഗിച്ച് ശാസ്ത്ര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു | അധ്യാപകർ<br>പി റ്റി എ<br>മാനേജ്മെന്റ്<br>പഞ്ചായത്ത്<br><br>അധ്യാപകർ<br>കുട്ടികൾ | ഒരു വർഷം | | |

# *പരിസര പഠനം*

പ്രവർത്തനം :1

പേര് : ശാസ്ത്രപഠനോപകരണ ശില്പശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലം*** | ***ചുമതല*** | ***സാമ്പത്തിക വിശകലനം*** |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ ഷോപ്പുകൾ സംഘടിപ്പിക്കുക | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല : ശാസ്ത്രഅവബോധനം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം | എല്ലാ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | | | |

പ്രവർത്തനം :3

പേര് : പരീക്ഷണ കിറ്റ്

ഉപമേഖല : നീരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷിയുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്സ്) ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 4
പേര് : പരീക്ഷണോത്സവം
ഉപമേഖല : ശാസ്ത്രാന്വേഷണം

| *ലക്ഷ്യം* | *പ്രവർത്തനങ്ങൾ* | *കാലം* | *ചുമതല* | *സാമ്പത്തിക വിശകലനം* |
|---|---|---|---|---|
| ശാസ്ത്രവിഷങ്ങളിലേയ്ക്കുള്ള താത്പര്യവും ശാസ്ത്രപരവുമായ ഉത്സാഹവും വളർത്തുക | ക്ലാസ്സ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ്പരീക്ഷണോത്സവത്തിന്റെ ലക്ഷ്യം | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്ര ക്ലബ്ബ് | 2000 |

# ഉപസംഹാരം

ഒരുവനെ മൂല്യബോധമുള്ള ഉത്തമ പൗരനാക്കി മാറ്റുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ ഈ മേഖലയിലെ സ്വകാര്യവത്കരണവും കച്ചവട മനോഭാവവും ദൂരവ്യാപകമായ ദോഷഫലങ്ങൾ  സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധിയ്ക്ക് പരിഹാരമായി വിദ്യാഭ്യാസവകുപ്പ് രൂപം നൽകിയിരിക്കുന്ന മഹത്തായ കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഈ യജ്ഞത്തിന്റെ ഭാഗമായി ഞങ്ങളുടെ സ്കൂളിനെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് ആവശ്യമായ ഹ്രസ്വകാല മധ്യകാല ദീർഘകാല പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. PTS, SSG, SRG, SSA എന്നിവയുടെ എല്ലാ കൂട്ടായ പരിശ്രമുണ്ടെങ്കിൽ മാത്രമേ ഇതിലെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂ. അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രയത്നിക്കാം.